(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കുമ്പളം ദ്വീപിലുള്ള റോഡ്

1146 [2083] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളം പഞ്ചായത്തിലെ കുമ്പളം ദ്വീപിലുള്ള ഫ്ലഡ് പി. ഡബ്ലിയു. ഡി. റോഡ് വാഹനഗതാഗത യോഗ്യമല്ലെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് ടാർ ചെയ്യണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ആയതിന് എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) കുമ്പളം ദ്വീപിൽ വാഹനഗതാഗതയോഗ്യമായ മറ്റൊരു റോഡും ഇല്ലെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത റോഡ് ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗതാഗതയോഗ്യമാണ്.

(ബി, സി) ഉണ്ട്.

(ഡി) പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം മാത്രമേ ടാർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയൂ.

പെരുമ്പിലാവ്—കടങ്ങോട്—പാറപ്പുറം റോഡ്

1147 [2084] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ എം. എൽ. എ. റോഡായ പെരുമ്പിലാവ്—കടങ്ങോട്—പാറപ്പുറം റോഡ് ടെണ്ടർ കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞുവെങ്കിലും ഇതുവരെ പണി തുടങ്ങാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പണി ഉടൻതന്നെ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) മുൻപ് തയ്യാറാക്കിയ പ്രപ്പോസലിൽ ചില മാറ്റങ്ങൾ വേണ്ടിവന്നതാണ് കാലതാമസത്തിനുണ്ടായ കാരണം.

പ്രസ്തുത റോഡിന്റെ പണി നടത്തുന്നതിന് കരാറുകാരന് സിലക്ഷൻ നോട്ടീസ് കൊടുത്തിട്ടുണ്ട്. കാലതാമസം ഇനിയും ഉണ്ടാകാതെ പണി നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ കരാറുകാരന് നൽകിയിട്ടുണ്ട്.

വെട്ടത്തുകവല—പാമ്പാടി റോഡ്

1148 [2087] ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെട്ടത്തുകവല—പാമ്പാടി റോഡ് വീതി കൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly